മലയാള മനോരമ
ESTABLISHED 1888

06
വെള്ളി
metrokochi@mm.co.in
ജൂലൈ 2018
1193
മിഥുനം 22

വൈറ്റില മൊബിലിറ്റി ഹബിൽനിന്നു കാക്കനാട്ടേക്കു പുറപ്പെടുന്ന ബോട്ട്. ചിത്രം: മനോരമ

പൊതുവണ്ടികളുണ്ട്, നമുക്കു വേണ്ടി

ഇന്നു മാസത്തിലെ ആദ്യത്തെ വെള്ളി. കാറുകൾ വീട്ടിൽത്തന്നെയിട്ടു ബസിലും മെട്രോയിലും ബോട്ടിലുമൊക്കെ യാത്ര ചെയ്യേണ്ട ദിവസം. പൊതുഗതാഗത വാഹനങ്ങളിൽ യാത്ര ചെയ്താലും ഒന്നും സംഭവിക്കാനില്ലെന്നു സ്വയം ബോധ്യപ്പെടേണ്ട ദിവസം. കലക്ടറും മേയറും മറ്റ് ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമെല്ലാം ഇന്നു പൊതുഗതാഗത സംവിധാനം ഉപയോഗിക്കും. മെട്രോയും ഫീഡർ സർവീസുകളും എസി കെഎസ്ആർടിസി ബസുകളുമൊക്കെയായി പൊതുഗതാഗത സൗകര്യങ്ങൾ വർധിപ്പിക്കുമ്പോൾ, സ്വകാര്യ വാഹനങ്ങൾ മാത്രം തരുമെന്ന് കരുതുന്ന 'കംഫർട്' നഗരത്തിന്റെ ഭാവിക്കായി നമുക്ക് ഉപേക്ഷിക്കാം. മാസത്തിൽ ഒരു തവണ എന്ന രീതിയിൽ തുടങ്ങി, കാർ ഇല്ലെങ്കിലും നഗരത്തിലേക്ക് പോകാമെന്ന ചിന്ത മനസ്സിലുണ്ടാക്കാം. പൊതുഗതാഗതമെന്ന സംസ്കാരത്തിലൂടെ നമുക്കു നഗരത്തിന്റെ കുരുക്കഴിക്കാം. ഇന്ധനം ലാഭിക്കാം. നഗരത്തെ ശ്വസിക്കാൻ അനുവദിക്കാം. സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ച് തുടക്കമിട്ട, നഗരത്തിലെ ഭൂരിഭാഗം സംഘടനകളും ഏറ്റെടുത്ത പബ്ലിക് ട്രാൻസ്പോർട് ഡേ കൊച്ചിക്കാരെല്ലാവരും ഏറ്റെടുക്കണം...

പിങ്കി ബേബി

കൊച്ചി ● ആശുപത്രിയിലേക്കുള്ള അടിയന്തര യാത്രയിൽ പോലും റോഡിലെ അഴിയാക്കുരുക്കിൽ ഒരു തവണയെങ്കിലും അകപ്പെട്ടിട്ടില്ലാത്ത കൊച്ചിക്കാർ ഉണ്ടാകില്ല. അത്രയധികമാണു നിരത്തുകളിലെ തിരക്ക്. ദിവസംതോറും റോഡിലേക്കിറങ്ങുന്ന പുതിയ സ്വകാര്യ വാഹനങ്ങളുടെ എണ്ണവും കൂടുന്നു. നഗരത്തെ ഈ ശ്വാസംമുട്ടലിൽനിന്നു രക്ഷിക്കാനുള്ള ഒരേയൊരു പോംവഴിയാണു പൊതുഗതാഗതമാർഗങ്ങളുടെ ഉപയോഗം. സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം പരമാവധി കുറച്ചു റോഡിലെ വാഹനങ്ങളുടെ സാന്ദ്രത കുറയ്ക്കണം. നഗരത്തിലേക്കു പടരുന്ന വിഷപ്പുകയുടെ തോതു കുറയ്ക്കണം. മലിനീകരണം കുറയ്ക്കണം. വഴിയിൽക്കിടക്കാതെ എല്ലായിടത്തേക്കും സമയത്തെത്താൻ കൊച്ചിക്കാർക്കും കഴിയണം.

വൈറ്റില ബസ് സ്റ്റാൻഡ്.

പബ്ലിക് ട്രാൻസ്പോർട് ഡേ ഏഴാം മാസത്തിലേക്ക്

മാസത്തിലെ ആദ്യ വെള്ളി പൊതുവാഹനങ്ങളിലെ യാത്രയ്ക്കായി മാറ്റിവച്ചിട്ട് ഇന്ന് ഏഴു മാസമാകും. സെന്റർ ഫോർ പബ്ലിക് പോളിസി റിസർച് (സിപിപിആർ) ആണു പദ്ധതിക്കു തുടക്കമിട്ടത്. നഗരസഭകളും ജില്ലാ ഭരണകൂടവും സർക്കാർ സംവിധാനങ്ങളും സ്വകാര്യ വാഹനങ്ങളുടെ സംഘടനകളും കെഎംആർഎല്ലും കെഎസ്ആർടിസിയും ഓട്ടോ തൊഴിലാളി അസോസിയേഷനുകളും വ്യാപാരി വ്യവസായി സംഘടനകളുമെല്ലാം പൊതുഗതാഗതദിനാചരണവുമായി സഹകരിക്കുന്നുണ്ട്. ഇപ്പോൾ നഗരത്തിലെ ഒട്ടുമിക്ക സ്വകാര്യ സംഘടനകളും റസിഡന്റ്സ് അസോസിയേഷനുകളും ഇതിനു പിന്തുണയുമായി എത്തുന്നുണ്ട്. ആദ്യം മാസത്തിലൊരു ദിവസത്തിൽ തുടങ്ങി, പിന്നീട് ആഴ്ചയിൽ എന്ന തലത്തിലേക്കു മാറ്റി, ക്രമേണ പൊതുഗതാഗതം സംസ്കാരമാക്കി മാറ്റുകയാണു ദിനാചരണത്തിന്റെ ലക്ഷ്യം.

വൈപ്പിന്റെ ഗതാഗത പ്രശ്നം ഇത്തവണ

പൊതുഗതാഗതദിനത്തിന്റെ ഭാഗമായി ഇത്തവണ കലക്ടർ സിപിപിആർ പ്രതിനിധികൾക്കൊപ്പം വൈക്കം വഴിയാണു യാത്ര ചെയ്യുന്നത്. ബോട്ട് ജെട്ടിയിൽനിന്നു ബോട്ടിൽ വൈപ്പിനിലും പിന്നീടു സ്വകാര്യ ബസിൽ ഹൈക്കോർട്ട് ജംക്‌ഷനിലുമെത്തും. ഹൈക്കോർട്ട് ജംക്‌ഷൻവരെ മാത്രമാണ് ഇപ്പോൾ വൈപ്പിനിൽനിന്നു ബസ് സർവീസുള്ളത്. ഹൈക്കോർട്ടിലെത്തി, അടുത്ത ബസിനു കാത്തുനിൽക്കേണ്ട സ്ഥിതിയുണ്ട്, ഇവിടുത്തുകാർക്ക്. ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള യാത്രയാണു കലക്ടർ നടത്തുന്നത്. വൈപ്പിനിൽനിന്നുള്ള സ്വകാര്യ ബസ് സർവീസ് നീട്ടുന്നതിന്റെ സാധ്യത പഠിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യുമെന്ന് കലക്ടർ ഉറപ്പു നൽകിയിട്ടുണ്ട്. കഴിഞ്ഞ മാസം വൈറ്റിലയിൽനിന്നു കാക്കനാട്ടേക്കു ബോട്ടിലായിരുന്നു കലക്ടറുടെ യാത്ര.

പൊതുഗതാഗതം മെച്ചപ്പെടുത്താൻ പഠനങ്ങൾ

കൊച്ചിയിലെ പൊതുഗതാഗതസംവിധാനത്തിനുള്ള പ്രശ്നങ്ങളും തടസ്സങ്ങളും കൃത്യമായി പഠിക്കുന്നുണ്ടെന്നു സിപിപിആർ ചെയർമാൻ ഡി. ധനുരാജ് പറയുന്നു. ഓരോ മാസവും സ്റ്റേക് ഹോൾഡർ മീറ്റിങ് നടത്തും. പ്രശ്നങ്ങൾ ചർച്ച ചെയ്യും. വൈറ്റില കാക്കനാട് ഫെറി സർവീസിനെ കുറിച്ചു നടത്തിയ പഠനങ്ങൾ കലക്ടർക്കു സമർപ്പിച്ചുകഴിഞ്ഞു. ഫെറി സർവീസ് മെച്ചപ്പെടുത്താനുള്ള നിർദേശങ്ങളും സാധ്യതകളും റിപ്പോർട്ടിലുണ്ട്. കാക്കനാട് ബോട്ട് ജെട്ടി സീപോർട്ട് - എയർപോർട്ട് റോഡിനു സമീപത്തേക്കു മാറ്റുക, കിൻഫ്രയ്ക്കു സമീപം പുതിയ ബോട്ട് ജെട്ടി, 10 മുതൽ 12 രൂപ വരെ മാത്രം ചാർജ് ഈടാക്കുന്ന തരത്തിൽ ഷെയർ ഓട്ടോ സംവിധാനം, കാക്കനാട് ബോട്ട് ജെട്ടിയിൽനിന്നു മിനി ബസ് തുടങ്ങിയ നിർദേശങ്ങൾ റിപ്പോർട്ടിലുണ്ട്. അടുത്ത പഠനം വൈപ്പിനിൽനിന്നു വൈപ്പിനിലേക്കുമുള്ള ഗതാഗത സൗകര്യങ്ങളെക്കുറിച്ചാണ്.

കാൽനടക്കാർക്കുള്ള പ്രശ്നങ്ങൾക്കു പരിഹാരം കാണാനുള്ള പഠനങ്ങളും നിർദേശങ്ങളും സിപിപിആർ നൽകുന്നുണ്ട്. വൈറ്റിലയിലെ പുതിയ ഗതാഗത പരിഷ്കരണത്തിനുശേഷം കാൽനടക്കാർക്കു വലിയ ആശയക്കുഴപ്പം ഉണ്ടായിട്ടുണ്ട്. സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും മറ്റുമായി പല സംഘടനകളും ആർക്കിടെക്ടുകളുമായി ചേർന്നു പദ്ധതി തയാറാക്കുന്നുണ്ട്. ബസ് റൂട്ടുകളുടെ പുനഃക്രമീകരണത്തെക്കുറിച്ചും പഠനം നടത്തുന്നുണ്ട്.

ട്രെൻഡിങ്ങിൽ ഓൺലൈൻ ക്യാംപെയ്ൻ

സോഷ്യൽ മീഡിയയിൽ സജീവമായ കൊച്ചിയിലെ യുവജനങ്ങളെക്കൂടി പൊതുഗതാഗതദിനത്തിലേക്ക് ആകർഷിക്കാൻ ഓൺലൈൻ ക്യാംപെയിനുകളും നടത്തുന്നുണ്ട്. വാട്സാപ്പ് ഗ്രൂപ്പുകളും ഫെയ്സ്ബുക് പേജും സജീവമാണ്. ട്വിറ്ററിലൂടെയും വെബ്സൈറ്റിൽ തന്നെയും ഡേഫോർകൊച്ചി എന്ന ഹാഷ്ടാഗിൽ ക്യാംപെയ്നുകൾ സജീവമാണ്. പൊതുഗതാഗതസംവിധാനങ്ങളിൽ യാത്ര ചെയ്തുകൊണ്ടുള്ള സെൽഫികളും ഈ ഹാഷ്ടാഗിൽ യുവാക്കൾ പോസ്റ്റ് ചെയ്യാറുണ്ട്. ഗതാഗത സംവിധാനം മെച്ചപ്പെടുത്താനുള്ള നിർദേശങ്ങളും ഓൺലൈനായി നൽകാം.

പൊതുഗതാഗതം ആഹ്വാനം ചെയ്തു നഗരങ്ങൾ

മലിനീകരണത്തോതു കുറയ്ക്കാനും ട്രാഫിക് കുരുക്കുകൾ ഒഴിവാക്കാനും പൊതുഗതാഗത സംവിധാനങ്ങൾ ശക്തമാക്കാനുള്ള നടപടികളുമായി പല നഗരങ്ങളും വളരെയേറെ മുന്നോട്ടു പോയി. അന്തരീക്ഷ മലിനീകരണം കൂടി, നഗരത്തിലെ വിഷപ്പുകയുടെ സാന്ദ്രത പരിധികൾ കടന്നപ്പോഴാണു ഡൽഹി പല പദ്ധതികളും ആവിഷ്കരിച്ചത്. ഒറ്റയക്ക- ഇരട്ടയക്ക കാറുകൾ മാത്രമെന്ന സംവിധാനവും ഡൽഹി നടപ്പാക്കി. ബസുകൾക്കു മാത്രമായി റോഡുകളിൽ പ്രത്യേക ലെയിനുകൾ നൽകാനുള്ള തീരുമാനത്തിലാണു ബെംഗളൂരു ഇപ്പോൾ.

സ്വകാര്യ വാഹനങ്ങൾക്ക് കൺജെഷൻ ടാക്സ് എന്ന പേരിൽ നികുതി ഏർപ്പെടുത്താനും പദ്ധതിയുണ്ട്. പാർക്കിങ് ഫീസുകൾ കുത്തനെ കൂട്ടിയും നിരത്തുകളിൽനിന്നു കൂടുതൽ സ്വകാര്യ വാഹനങ്ങളെ ഒഴിവാക്കും. സാറ്റലൈറ്റ് ബസ് സ്റ്റേഷനുകൾ ആരംഭിക്കാനും പദ്ധതിയുണ്ട്. വികസനത്തിന്റെ അടുത്ത ഘട്ടം പൊതുഗതാഗത സംവിധാനങ്ങളെ കേന്ദ്രീകരിച്ചായിരിക്കുമെന്നും ദുബായിയും കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു. നഗരത്തിലെ മലിനീകരണം തടയാനായി ജർമനി ആവിഷ്കരിച്ച ആദ്യ പദ്ധതി പൊതുഗതാഗത സംവിധാനങ്ങളുടെ നിരക്ക് കുത്തനെ കുറയ്ക്കുകയായിരുന്നു.

ഒറ്റക്കാർഡ്, ഒരുപാട് യാത്ര

ബസിലും മെട്രോയിലും യാത്ര ചെയ്യാൻ ഉപയോഗിക്കാവുന്ന കൊച്ചി വൺ കാർഡ് ഡിസംബർ ആദ്യവാരം മുതലുണ്ടാകും. പൊതുഗതാഗതസംവിധാനത്തെ ഏറ്റവുമധികം ശക്തിപ്പെടുത്തുന്ന ഘടകങ്ങളിലൊന്നാകുമിത്. കൊച്ചി മെട്രോയിലെ ടിക്കറ്റ് കാർഡ് ആയ കൊച്ചി വൺ കാർഡ് കൊണ്ട് സ്വകാര്യ ബസുകളിലും യാത്രചെയ്യാനുള്ള കരാർ ആക്സിസ് ബാങ്കും ഏഴു ബസ് കമ്പനികളും തമ്മിൽ ഒപ്പുവച്ചിരുന്നു.

ഭാവിയിൽ ഇവ രണ്ടിനും പുറമെ വാട്ടർ മെട്രോ, ടാക്സി എന്നിവയിലും ഇതേ കാർഡ് ഉപയോഗിച്ചു യാത്രചെയ്യാം.

മെട്രോ യാത്രയിൽ ടിക്കറ്റിൽ 20% ഇളവു ലഭിക്കും. കാർഡ് ഉപയോഗിച്ചു സാധനങ്ങൾ വാങ്ങുമ്പോഴും ബിൽ അടയ്ക്കുമ്പോഴും ഇളവുണ്ട്. ആയിരത്തിലേറെ ബസുകളിൽ ഈ സൗകര്യം ലഭിക്കും. ബസിൽ കണ്ടക്ടറുടെ കൈവശമുള്ള സൈപ്പിങ് മെഷീനിൽ കാർഡ് സൈപ് ചെയ്താൽ യാത്രയ്ക്കുള്ള പണം കൈമാറാം. ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ വഴി കൊച്ചി വൺ കാർഡ് ടോപ് അപ് ചെയ്യാം.

ഇടപ്പള്ളിയിലെ മേൽപാലങ്ങളും മെട്രോ പാതയും.

കൊച്ചിക്കാരുടെ യാത്രാശീലം

സിപിപിആർ ഈ വർഷമാദ്യം കൊച്ചി നഗരസഭാപരിധിയിൽ നടത്തിയ പഠനമനുസരിച്ചു നഗരത്തിലെ 70% സ്ത്രീകൾ ജോലിക്കും ഷോപ്പിങ്ങിനും മറ്റ് ആവശ്യങ്ങൾക്കുമായി നഗരത്തിലേക്കു വരുന്നതു ബസിൽ കയറിയാണ്.

അതേസമയം 40 ശതമാനത്തിൽ താഴെ പുരുഷൻമാരേ ബസ് ഉപയോഗിക്കാറുള്ളൂ. പതിനഞ്ചു ശതമാനത്തിൽ താഴെ ആളുകളേ മെട്രോ ഉപയോഗിക്കുന്നുള്ളൂ. അഞ്ചു ശതമാനം പേരാണു ഫെറി സർവീസ് ഉപയോഗിക്കുന്നത്. 20 % പുരുഷൻമാരും 10 % സ്ത്രീകളും കാർ തന്നെയാണു യാത്രകൾക്ക് ഉപയോഗിക്കുന്നത്.

ചെറിയൊരു ശതമാനം ആളുകൾ സൈക്കിളുപയോഗിക്കുന്നവരും ചെറിയ ദൂരങ്ങളിലേക്കു നടന്നു പോകുന്നവരുമാണ്. 50 ശതമാനത്തിലേറെ സ്ത്രീകൾ ബസ് കയറാനുള്ള ദൂരം നടക്കാൻ തയാറാണെങ്കിൽ ചെറിയ ദൂരങ്ങളിൽ ടൂ വീലറുകൾ ഉപയോഗിക്കുന്ന പുരുഷൻമാർ 50 ശതമാനത്തോളമുണ്ട്. ജോലിക്കു പോകാനും മറ്റും സ്ഥിരമായി സ്വന്തം വാഹനത്തിൽ ജോലിക്കു പോകുന്നവർ കാരണമായി പറയുന്നതു നേരിട്ടുള്ള ബസ് സർവീസ് ഇല്ലാത്തതാണ്. ബസ് മാറി മാറി കയറുന്ന ബുദ്ധിമുട്ടുകളോർത്താണു സ്വന്തം വാഹനമെടുത്ത് ഇറങ്ങുന്നത്.

പൊതുഗതാഗത മാർഗങ്ങൾ വേണ്ടെന്നുവയ്ക്കുന്നവർ മറ്റൊരു പ്രധാന കാരണമായി പറയുന്നത് സ്വന്തം വാഹനങ്ങളിലെ സുഖവും സുരക്ഷിതത്വവുമാണ്.

മെട്രോ റെയിലും എസി കെഎസ്ആർടിസി ബസുകളും 'കംഫർട്' എന്ന വലിയ ആശങ്കയ്ക്കു പരിഹാരമാകുന്നുണ്ട്. മികച്ച ഫീഡർ സർവീസുകളിലൂടെയും നേരിട്ടുള്ള ബസ് സർവീസുകളിലൂടെയും പൊതുഗതാഗതത്തിലും സുഖവും സുരക്ഷിതത്വവുമൊരുക്കുകയാണു വേണ്ടത്.

പോകും വഴി,
ഒരു പോംവഴി

[illegible]

Visit: http://www.kochipublictransportday.org
Email: info@kochipublictransportday.org
Call/ WhatsApp: [illegible]

ഹൗസ് ഓഫ് ആലപ്പാട്ടിൽ ഇന്നും നാളെയും സ്പെഷ്യൽ ഓഫർ

10 പവൻ സ്വർണ്ണം മെഗാ സമ്മാനം!

ഈ ഓഫർ ആഗസ്റ്റ് 31 വരെ മാത്രം
ഹൗസ് ഓഫ് ആലപ്പാട്ടിൽ നിന്ന് BIS 916 സ്വർണ്ണം വാങ്ങുന്ന കസ്റ്റമേഴ്സിൽ നിന്ന് നറുക്കെടുപ്പിലൂടെ 10 പവൻ സ്വർണ്ണം സൗജന്യമായി ലഭിക്കുന്ന ഏക അവസരം
ആഗസ്റ്റ് 31 വരെ മാത്രം

ഗോൾഡ് കോയിനുകളും സൗജന്യം

പവന് 1200 രൂപ കിഴിവ്

VVS-EF സർട്ടിഫൈഡ് വജ്രാഭരണങ്ങൾക്ക് FLAT 25% കിഴിവ്

100% സ്വർണ്ണം എക്സ്ചേഞ്ച് ഓഫർ
എവിടെ നിന്ന് വാങ്ങിയ സ്വർണ്ണാഭരണങ്ങളും (916) വിലയിലോ തൂക്കത്തിലോ കുറവ് വരാതെ BIS 916 ഹാൾമാർക്ക്ഡ് സ്വർണ്ണമായി മാറ്റിവാങ്ങാം

ചുരിദാർ സെറ്റ് സമ്മാനം
സ്വർണ്ണം വാങ്ങുന്ന ആദ്യത്തെ 101 കസ്റ്റമേഴ്സിന് മാത്രം
ആകർഷകമായ ചുരിദാർ സെറ്റ് സമ്മാനം

വിവാഹ പാർട്ടികൾക്ക് ഉൽപാദന വിലയിൽ സ്വർണ്ണം ലഭിക്കുന്നു+ സ്പെഷ്യൽ സമ്മാനം

കൂടുതൽ വിവരങ്ങൾക്ക്: 0484 2375451

ഈ കൂപ്പൺ ആഗസ്റ്റ് 31 (വെള്ളി) വരെ കൊണ്ടുവരുന്നവർക്ക് മാത്രം സ്പെഷ്യൽ ഡിസ്കൗണ്ടും സമ്മാനവും ലഭ്യമാണ്.

ഹൗസ് ഓഫ് ആലപ്പാട്ട്
ആലപ്പാട്ട് ജ്വല്ലറി
ജോസ് ജംഗ്ഷൻ
എം. ജി. റോഡ്, എറണാകുളം

Scanned by CamScanner